**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3410** **26-06-2024 - ൽ മറുപടിയ്ക്ക്**

**ഇ.എസ്.ഐ. ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഇ.എസ്.ഐ. ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഇ.എസ്.ഐ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പുതിയ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് ഇ.എസ്.ഐ കോർപ്പറേഷനാണ്. പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിൽ പ്രത്യേക ഒ.പി ബ്ലോക്ക് നിർമ്മിക്കുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, എറണാകുളം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, ഇ.എസ്.ഐ സബ്സ്റ്റോർ എന്നിവ ഉൾപ്പെടുത്തി പുതിയ ബഹുനിലകെട്ടിടം നിർമ്മിക്കുന്നതിനും, ആലപ്പുഴ ഇ.എസ്.ഐ ആശുപത്രിയിൽ പുതിയ ഒ.പി ബ്ലോക്കും ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സും നിർമ്മിക്കുന്നതിനും ഒളരിക്കര ഇ.എസ്.ഐ ആശുപത്രിയിൽ പുതിയ ഒഫ്ത്താൽമോളജി ഓപ്പറേഷൻ തിയേറ്റർ നിർമ്മിക്കുന്നതിനും ഇ.എസ്.ഐ കോർപ്പറേഷന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.<br><br>എറണാകുളം ഇ.എസ്.ഐ ആശുപത്രി 65 ബെഡിൽനിന്നും 100 ബെഡുള്ള ആശുപത്രിയായി ഉയർത്തുന്നതിന് ഇ.എസ്.ഐ കോർപ്പറേഷൻ അംഗീകാരം നൽകിയിട്ടുണ്ട്. പാലക്കാട്, മുളങ്കുന്നത്തുകാവ്, തോട്ടട ഇ.എസ്.ഐ ആശുപത്രികളിൽ ഐ.സി യൂണിറ്റിന്റെ പണി പൂർത്തിയായി വരുന്നു. തോട്ടട, ആലപ്പുഴ, എറണാകുളം, ഒളരിക്കര ഇ.എസ്.ഐ ആശുപത്രികളിൽ ഇ.എസ്.ഐ കോർപ്പറേഷന്റെ ഫണ്ടിന് പുറമെ നിന്ന് ഫണ്ട് ലഭ്യമാക്കി ആംബുലൻസ് വാങ്ങി പരിരക്ഷിത വ്യക്തികൾക്കും കുടുംബാഗങ്ങൾക്കും സേവനം നൽകുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ ചികിത്സാസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഇ.എസ്.ഐ ആശുപത്രികളിലും ഡിസ്പെൻസറികളിലും മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി Project Implementation Programme 2024-25 പദ്ധതി പ്രകാരം ഇ.എസ്.ഐ കോർപ്പറേഷന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഇ.എസ്.ഐ. ആശുപത്രികളിൽ കൂടുതൽ താഴ്ന്ന വിഭാഗം ജീവനക്കാരെ നിയമിക്കാനും ആവശ്യത്തിന് മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഇ.എസ്.ഐ ആശുപത്രികളിൽ ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേന നിയമനം നടത്തി വരുന്നു.<br><br>ഇ.എസ്.ഐ ആശുപത്രികളിൽ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. എല്ലാ സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ മരുന്നുകളുടെ ഇന്റെൻഡ് ശേഖരിച്ച് സർക്കാർ അംഗീകാരത്തോടെ ഇ.എസ്.ഐ കോർപ്പറേഷന്റെ റേറ്റ് കോൺട്രാക്ടിൽ നിന്നും വാങ്ങി നൽകുന്നുണ്ട്. ഇ.എസ്.ഐ റേറ്റ് കോൺട്രാക്ടിൽ ലഭ്യമല്ലാത്ത മരുന്നുകൾ GEM മുഖാന്തിരമോ, KMSCL മുഖാന്തിരമോ ക്വട്ടേഷൻ മുഖാന്തിരമോ വാങ്ങി നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ